# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2273 — 19.06.2013 ൽ മറുപടിക്ക്

**മാരകരോഗബാധിതർക്ക് പെൻഷൻ തുക വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു. | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അർബുദം, കുഷ്ഠം, ക്ഷയം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെൻഷൻ തുക വർദ്ധനവ് നടപ്പാക്കുന്നതിനുള്ള ഉത്തരവുകൾ ഇറങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രതിമാസ പെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പെൻഷൻ തുക 800/- രൂപയായി ഉയർത്തിയിട്ടുള്ളത് സംബന്ധിച്ച പ്രഖ്യാപനത്തിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കാരുണ്യ പദ്ധതിയിൽ ഒരു ലക്ഷം രൂപ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ മാരകരോഗബാധിതർക്കുള്ള പെൻഷന് 24,000/- രൂപ വരുമാനം കവിയരുത് എന്ന നിർദ്ദേശത്തിന് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പെൻഷൻ തുക ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - കാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം. 1148/2013/ആ.കു.വ തിരുവനന്തപുരം, തീയ്യതി. 30.03.2013.

പരാമർശം : **2012 -13** ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക **54.**

## ഉത്തരവ്

2012 -13 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ 525/- (അഞ്ഞൂറ്റി ഇരുപത്തി അഞ്ച്) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രാജീവ് സദാനന്ദൻ,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
കരുതൽ ശേഖരം / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ